(ഡി) പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുക വകയിരുത്തിയിട്ടില്ല. എന്നാൽ ആദിവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ക്രമക്കേടുകൾ

185 [1712] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടശ്ശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വ്യാപകമായ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾക്ക് ശരിയായ ഭക്ഷണം പോലും നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ;

(ഡി) ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചില അപാകതകൾ ശ്രദ്ധയിൽവന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) വടശ്ശേരിക്കര എം. ആർ. എസ്സിന്റെ നടത്തിപ്പിൽ ചില അപാകതകൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സീനിയർ സൂപ്രണ്ട് ശ്രീ. വി. പി. രാഘവൻ, ക്ലാർക്ക് ശ്രീ. ആർ. ഒ. ജയചന്ദ്രൻ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. തുടർന്ന് നടത്തിയ വിശദമായ അന്വേഷണത്തിൽ ചില സാമ്പത്തിക ക്രമക്കേടുകൾ ഈ സ്ഥാപനത്തിൽ നിലനിൽക്കുന്നുവെന്നും ആഡിറ്റ് നടത്തേണ്ട ആവശ്യമുണ്ടെന്നും, 14-6-2004, വരെ മെനുപ്രകാരമുള്ള ഭക്ഷണവിതരണം ചെയ്തിട്ടില്ലെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവർക്കെതിരെ സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചിട്ടുള്ള സാഹചര്യത്തിൽ അന്വേഷണറിപ്പോർട്ടിലെ ശുപാർശ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഡിറ്റ് വിഭാഗം ഈ സ്ഥാപനത്തിൽ ആഡിറ്റ് നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികളിൽമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly